RR4- 8656/12 (83)

എൽ.ആർ.(എ3)18626/12.

ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയം,
പബ്ലിക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-695033.
തീയതി: 14-06-2012.

14703

OFFICE OF THE INSPECTOR GENERAL OF REGISTRATION
16 JUN 2012

പ്രേഷിതൻ
കമ്മീഷണർ, ലാന്റ് റവന്യൂ.

സ്വീകർത്താവ്
രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ,
തിരുവനന്തപുരം.

സർ,

വിഷയം:- കേരള മുദ്രപ്പത്ര നിയമം 54(2) വകുപ്പുപ്രകാരം മുദ്രസല നിർണ്ണയം നടത്തുന്നതു - സംബന്ധിച്ച്.

സൂചന:- താങ്കളുടെ 10-05-2012-ലെ RR4-8656/12 നമ്പർ കത്ത്.

കേരള മുദ്രപ്പത്ര നിയമം 54(2) വകുപ്പുപ്രകാരമുള്ള മുദ്രസല നിർണ്ണയത്തിനായി സൂചന പ്രകാരം സമർപ്പിച്ചിരുന്ന പരപ്പനങ്ങാടി സബ് രജിസ്ട്രാർ ആഫീസിലെ പി 03/2011 നമ്പർ ബന്തവസ്സാധാരത്തിന്മേലുള്ള തീരുമാനം ചുവടെ ചേർക്കുന്നു.

ടി ബന്തവസ്സാധാരം പാലശ്ശേരി കമ്മദ് മകൻ കുഞ്ഞിമ്മുട്ടി മുതൽ 22 പേർ ചേർന്ന് കൃഷ്ണൻകുട്ടി മകൻ കോട്ടക്കുളം സജീഷ് പേരിൽ എഴുതിക്കൊടുക്കുന്ന ജന്മം തീറാധാരമായി ചമച്ചിട്ടുള്ളതാണ്. ബന്തവസ്സാധാര പകർപ്പും അനുബന്ധ രേഖകളും പരിശോധിച്ചതിൽ എഴുതിക്കൊടുക്കുന്ന 22-ാം നമ്പർ കക്ഷിയായ ബീരാൻകുട്ടി ഹാജി പരപ്പനങ്ങാടി സബ് രജിസ്ട്രാർ ആഫീസിലെ 2008 ലെ 1596-ാം ആധാര പ്രകാരം റീത്താ സതീഷ് നായരോട് പട്ടിക വസ്തു തീറ് വാങ്ങിയതാണെന്നു കാണുന്നു. അപ്രകാരം ടിയാന് മാത്രം തീറ് സിദ്ധിച്ച വസ്തുവിൽ 1 മുതൽ 21 വരെ കക്ഷിക്ക് അവകാശം ഉണ്ടെന്ന് അവകാശപ്പെട്ടുകൊണ്ട് ചമച്ചിട്ടുള്ള ടി

(48)

ബന്തവസ്സാധാരത്തിൽ പട്ടിക വസ്തുവിന്റെ കൈമാറ്റം മാത്രമേ നടക്കുന്നതായി ആധാരത്തിൽ പരാമർശിച്ചിട്ടുള്ളു. 1 മുതൽ 21 വരെ കക്ഷികൾക്ക് പട്ടിക വസ്തുവിൽ ഉണ്ടെന്നു കരുതുന്ന അവകാശം 22-ാം കക്ഷിയ്ക്ക് ഒഴിഞ്ഞു നൽകാം. അത് ഒഴുമുറിയായി കണക്കാക്കുകയും ചെയ്യാം. എന്നാൽ ടി കക്ഷികൾ പട്ടിക വസ്തുവിൽ യാതൊരു അവകാശവും ഇല്ലാത്ത ഒരാൾക്ക് അവകാശം കൈമാറ്റം ചെയ്യുന്നതിനാൽ തീറാണെന്ന് കാണുന്നു. ആകയാൽ പ്രതിഫലത്തുകയായ 31,57,000/- രൂപയ്ക്ക് കേരള മുദ്രപ്പത്ര നിയമം പട്ടിക ആർട്ടിക്കിൾ 21 പ്രകാരം 7% നിരക്കിൽ 2,20,990/- രൂപ മുദ്ര ടീകരണത്തിന് ആവശ്യമാണ്. ടി ബന്തവസ്സാധാരത്തിന് 2,21,000/- രൂപ മുദ്ര ചുമത്തിയിട്ടുള്ളതിനാൽ മതിയായ മുദ്ര ചുമത്തിയിട്ടുണ്ടെന്ന താങ്കളുടെ അഭിപ്രായത്തോട് യോജിക്കുന്നുവെന്ന വിവരം അറിയിക്കുന്നു.

വിശ്വാസപൂർവ്വം

ഒപ്പ്/-
**കമ്മീഷണർ**

**ഉത്തരവിൻപ്രകാരം**

[signature]
സൂപ്രണ്ട്

പുറത്തെഴുത്ത് നമ്പർ RR4-8656/2012

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ കാര്യാലയം,
തിരുവനന്തപുരം, തിയതി. 21/06/2012

ഉത്തരവിന്റെ പകർപ്പ് അറിവിനും അനന്തര നടപടികൾക്കുമായി അയയ്ക്കുന്നു. ആധാരത്തിന്റെ രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കുന്ന മുറയ്ക്ക് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

[signature]

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ

19/6/12
19.06.12